**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2193** **30-07-2021 - ൽ മറുപടിയ്ക്ക്**

**രണ്ടാം കുട്ടനാട് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ രണ്ടാം കുട്ടനാട് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ജലസേചന വകുപ്പുമായി ബന്ധപ്പെട്ട് തോട്ടപ്പള്ളി സ്പിൽവേയുടെ ആഴവും വീതിയും കൂട്ടൽ, എ.സി കനാൽ നവീകരണം, പാടശേഖരങ്ങളുടെ പുറം ബണ്ട് സംരക്ഷണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | വെള്ളക്കെട്ട് മൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ പര്യാപ്തമായ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതെന്ന് അറിയിക്കുമോ; | (ബി) | വെള്ളക്കെട്ട് മൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ Plan fund, NABARDപദ്ധതികൾ SDRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളുടെയും നീർച്ചാലുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ പുരോഗതി നിർവഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശിക തലത്തിൽ പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |
| (സി) | പ്രസ്തുത പാക്കേജിന് അനുവദിക്കുന്ന തുക സമയബന്ധിതമായി ചെലവഴിച്ച് കുട്ടനാട്ടിലെ ജനങ്ങളുടെ പ്രയാസങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | വെള്ളക്കെട്ട് മൂലം കുട്ടനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ അവസാനിപ്പിക്കുവാൻ Plan fund, NABARD പദ്ധതികൾ SDRF എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തോടുകളുടെയും നീർച്ചാലുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ പുരോഗതി നിർവഹണ ഉദ്യോഗസ്ഥർ സൂക്ഷ്മമായി നിരീക്ഷിക്കുകയും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രാദേശിക തലത്തിൽ |

| | | | |
|---|---|---|---|
| | | | പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ